**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3687</u>** **<u>09-10-2025 - ൽ മറുപടിയ്ക്ക്</u>**

**<u>ആലപ്പുഴ മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവൻ പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ മണ്ഡലത്തിൽ എത്ര കൃഷിഭവനുകളെയാണ് സ്മാർട്ട് ആക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലപ്പുഴ മണ്ഡലത്തിൽ മാരാരിക്കുളം തെക്ക് കൃഷി ഭവനെയാണ് സ്മാർട്ട് കൃഷി ഭവനാക്കുന്നതിന് നടപടി സ്വീകര |
| (ബി) | സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം എത്ര തുകയാണ് ഇവയ്ക്ക് ചെലവഴിക്കുന്നതെന്നും നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരവും ലഭ്യമാക്കാമോ; | (ബി) | മാരാരിക്കുളം തെക്ക് കൃഷി ഭവൻ സ്മാർട്ട് കൃഷി ഭവനാക്കുന്നതിന് ₹25 ലക്ഷം രൂപയാണ് അനുവദിച്ചത്. തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു. |
| (സി) | മാരാരിക്കുളം വടക്ക് പഞ്ചായത്തിലെ കൃഷിഭവൻ സ്മാർട്ട് ആക്കുന്നതിന് നിലവിൽ എന്തു നടപടിയാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളെയും ഘട്ടം ഘട്ടം ആയി സ്മാർട്ട് കൃഷിഭവനുകൾ ആക്കുന്നതിനു വേണ്ടിയാണ് സർക്കാർ സ്മാർട്ട് കൃഷിഭവൻ പ ലഭ്യതയ്ക്കനുസരിച്ച് സംസ്ഥാനത്തെ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകൾ ആക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മാരാരിക്കുളം വടക്ക് കൃഷി ഭവനെ ഭവൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

(ബി) വിശദ വിവരം:

| ക്രമ നം. | ഘടകത്തിന്റെ പേര് | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ഫ്രണ്ട് ഓഫീസും ഇൻഫർമേഷൻ സെന്ററും സ്ഥാപിക്കൽ | 7.50 |
| 2 | പ്ലാന്റ് ഹെൽത്ത് ക്ലിനിക് സ്ഥാപിക്കൽ | 5.00 |
| 3 | കൃഷി ഭവൻ നവീകരണം | 10.00 |
| 4 | മതിയായ ഐ ടി അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തൽ | 2.50 |
| **ആകെ** | | **25.00** |

സെക്ഷൻ ഓഫീസർ